# ‘ഹൃദയം ദൈവസന്നിധിയിൽ പകരുക’

1 ശമുവേൽ 1:11

‘‘അവൾ ഒരു നേർച്ച നേർന്നു, സൈന്യങ്ങളുടെ യഹോവേ, അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷസന്താനത്തെ നൽകുകയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവയ്ക്കു കൊടുക്കും; അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടുകയുമില്ല എന്നു പറഞ്ഞു’’.

ഇവിടെ ഹന്നായെക്കറിച്ചാണു പ്രതിപാദിക്കുന്നത്. അവളുടെ ജീവിതത്തിൽ പ്രശ്നങ്ങളും പോരാട്ടവും. അകത്തും പുറത്തും പോരാട്ടം. വീട്ടിൽ അവളുടെ പ്രതിയോഗി പെനിന്നാ. ആലയത്തിൽ അവളെ മനസ്സിലാക്കാത്ത പുരോഹിതൻ. അതിനെക്കാളുപരി യഹോവ അവളുടെ ഗർഭത്തെ അടച്ചു കളഞ്ഞു. അവിടെ അവൾ നിരാശപ്പെടുകയോ, ദൈവത്തെ മറുത്തു പറയുകയോ ചെയ്യുന്നില്ല. അവൾ ആലയത്തിലേക്ക് കടന്നുവന്ന് യഹോവയോടു ചില കാര്യങ്ങൾ പറയുന്നു. (1) അടിയനെ ഒന്നു നോക്കണമേ (2) അടിയനെ ഒന്നു ഓർക്കണമേ (3) അടിയനെ മറക്കരുതെ (4) അടിയന് ഒരു വാഗ്ദത്തം തന്നാൽ, അത് അവസാനം വരെ നിനക്കുള്ളതായിരിക്കും.

13–ാം വാക്യത്തിൽ നാം കാണുന്നു ആലയത്തിൽ അവൾ ദൈവത്തോടു അധരം കൊണ്ടല്ല സംസാരിച്ചത്, മറിച്ച് ഹൃദയം കൊണ്ടാണ് സംസാരിച്ചത്. അവളുടെ ഹൃദയം യഹോവയുടെ സന്നിധിയിൽ പകരുകയാണ് ചെയ്തത്. അപ്രകാരം ചെയ്തപ്പോൾ യഹോവ അവൾക്ക് ആനന്ദിക്കുന്ന ഹൃദയം കൊടുത്തു. അവൾക്ക് പ്രവചിക്കുന്ന ഒരു മകനെ കൊടുത്തു. അവൾ നേർച്ച നേർന്നതുപോലെ, ബാലനായ ശമുവേലിനെ യഹോവയ്ക്കു സമർപ്പിച്ചു.

ദൈവത്തെ ആരാധിക്കുന്ന മക്കൾക്ക് എന്നും പോരാട്ടവും പ്രതിയോഗിയും ഉണ്ട്. നാം അതിൽ തളർന്നുപോകരുത്. അതിന് എല്ലാം നേരിടാൻ ദൈവം നമുക്ക് ഒരു ആയുധം തന്നിട്ടുണ്ട്. നമ്മുടെ ഈ ആയുധത്തിന് മൂർച്ച കൂട്ടുന്ന അരം ആയിട്ടു വേണം ഓരോ പ്രശ്നങ്ങളെയും നാം കാണുവാൻ.

വാസ്തവമായിട്ടു ദൈവസന്നിധിയിൽ ഹൃദയം പൊട്ടി കരയുമെങ്കിൽ, നമ്മുടെ ഹൃദയം അവന്റെ മുമ്പിൽ പകരുമെങ്കിൽ പ്രശ്നങ്ങളുടെ മേൽ നമുക്കു പരിഹാരം ലഭിക്കാതെ പോകയില്ല, തീർച്ചയായും മറുപടി ലഭിക്കുക തന്നെ ചെയ്യും.

പരാമർശം :

സങ്കീർത്തനങ്ങൾ 34:5

അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല.

## സിസ്റ്റർ ജോയിസ് ജോൺ തോന്നിയാമല 003